## TRICHUR ROADS—TARRING OF

൪൪൬. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ട സദയം മറുപടി പറയുമോ.—

(എ) തൃശ്ശിവപേരൂർ റോഡുകൾ കോൺക്രീറു ഇടുന്നതിനു തയ്യാറാക്കിയിട്ടുള്ള അടങ്കൽ എത്ര;

(ബി) ആ പണിക്കു ടെണ്ടർ സമർപ്പിച്ചവർ ആരെല്ലാം;

(സി) ഓരോരുത്തരും കോട്ട് ചെയ്ത നിരക്കെന്ത്;

(ഡി) ആർക്കാണ് ഖരാറു കൊടുത്തത്;

(ഇ) ഈ പണി നടത്തി പരിചയമുള്ള ഒരു യൂറോപ്യൻ കമ്പനി നിർദ്ദേശിച്ച നിരക്കു ഖരാറു നൽകപ്പെട്ട കമ്പനിക്കാർ സമർപ്പിച്ച നിരക്കിനേക്കാൾ കുറവായിരുന്നില്ലെ;

(എഫ്) ആയിരുന്നുവെങ്കിൽ ആ കുറഞ്ഞ നിരക്കു അംഗീകരിക്കാതെ മറു കമ്പനിക്കു ഖരാറു ഏല്പിച്ചു കൊടുക്കാൻ ഗവൺമെണ്ടിനെ പ്രേരിപ്പിച്ച ഹേതുവെന്ത്?

റാവു സാഹിബ് കെ. അയ്യപ്പൻ: (എ) ക. ന, ൪ ൨, ൦ ൦ ൦.

(ബി, സി,) ടെണ്ടർ സമർപ്പിച്ചവരുടെ പേരും അവർ കോട്ട് ചെയ്ത നിരക്കുകളും താഴെ ചേർത്തിരിക്കുന്നു.

| | Rs. |
|---|---|
| 1. Mr. B. M. Joseph | 6,06,625 |
| 2. ,, K. J. Antony | 6,16,881 |
| 3. ,, M. R. Lazar | 8,17,625 |
| 4. M/s V. R. Ranede & Sons, Coimbatore | 8,34,403 |
| 5. Mr. K. D. Devassy | 8,38,725 |
| 6. M/s Combined construction Corporation Ltd., Trivandrum | 8,43,447 |
| 7. M/s Gannon Dunkerly & Co. Ltd., Madras | 8,93,136 |
| 8. Mr. N. O. Inasu | 9,00,467 |
| 9. ,, D. Francis Puthur | 9,44,225 |
| 10. ,, A. L. Lonappan | 9,49,500 |
| 11. M/s The Modern Housing construction and Properties Ltd., Madras | 9,66,996 |
| 12. Mr. V. K. Narayanan Ezhuthassan | 9,70,600 |

(ഡി) മെസ്സർസ്സ് ഗാനൺ ഡൺകർലി കമ്പനിക്കാക്കു.

(ഇ) ഖരാറു കൊടുത്തിരിക്കുന്ന കമ്പനിക്കാരുടെ നിരക്കിനേക്കാൾ കുറവായ നിരക്കു വേറെ യാതൊരു യൂറോപ്യൻ കമ്പനിക്കാരും സമർപ്പിച്ചിട്ടില്ല.

(എഫ്) ഉത്തരം ആവശ്യമില്ല.

## NELLAI BYE-ELECTOIN

൪൪൭. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) നെല്ലായി ഉപതിരഞ്ഞെടുപ്പ് കേസ്സിലെ കമ്മീഷണർമാർ തിരഞ്ഞെടുപ്പിലെ കറപ്പ്ട് പ്രാക്ടീസിനു്, അയോഗ്യരായി റിപ്പോർട്ട ചെയ്യപ്പെട്ടവരിൽ ആരുടെയെല്ലാം അയോഗ്യതകളാണ് ഗവൺമെണ്ട് നീക്കം ചെയ്തുകൊടുത്തത്;

(ബി) ഇവരിൽ ആരെല്ലാം ഗവൺമെണ്ടിലേക്കു ഹർജി സമർപ്പിച്ചിരുന്നു;

(സി) ഇവരിൽ ആരുടെയെങ്കിലും വക്കീലിന്റെ വാദം കേൾക്കുകയുണ്ടായോ;

(ഡി) വക്കീലന്മാരുടെ വാദങ്ങളെല്ലാം കേട്ടശേഷമല്ലെ ഇവരെ അയോഗ്യരാണെന്നു കോടതി റിപ്പോർട്ട ചെയ്തത്;

(ഇ) അതിനെപ്പറ്റി ഒരു റവ്യു നടത്തുന്നതിനു നിയമം അനുവദിക്കുന്നുണ്ടോ;

(എഫ്) ഇനി ആരുടെയെങ്കിലും അയോഗ്യത നീക്കുവാനുണ്ടോ;

(ജി) അവർ ആരെല്ലാം;

(എച്ച്) എന്തുകൊണ്ടാണ് അവരുടെ അയോഗ്യത നീക്കി കൊടുക്കാത്തത്;

(ഐ) ഈ സംഗതിയിൽ ഒരു തീരുമാനമെടുക്കുന്നതിനു ഇത്രവളരെ നീണ്ടുപോയ ഹേതുവെന്ത്?

LIBRARY ARCHIVES Kerala Legislative Assembly